# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 473 | 18.11.2019-ൽ മറുപടിക്ക്

## വാളയാർ കേസന്വേഷണം

**ചോദ്യം**

ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വി.ടി.ബൽറാം
ശ്രീ.പി.ടി. തോമസ്

**ഉത്തരം**

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ക്രിമിനൽ കേസന്വേഷണത്തിലെ പോലീസ് അലംഭാവവും തെളിവുകൾ കോടതി മുൻപാകെ എത്തിക്കുന്നതിലുള്ള പിഴവും കാരണം കൊടും കുറ്റവാളികൾ പോലും ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നു വെന്ന ആക്ഷേപം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(എ) ക്രിമിനൽ കേസ്സുകളിൽ അന്വേഷണം നടത്തി ശാസ്ത്രീയ തെളിവുകൾ ഉൾപ്പെടെ ലഭ്യമായ എല്ലാ തെളിവുകളും ശേഖരിച്ചാണ് കുറ്റകൃത്യങ്ങൾക്കെതിരെ ബഹു.കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു വരുന്നത്. കേസന്വേഷണത്തിൽ അലംഭാവം കാട്ടിയതായി ശ്രദ്ധയിൽപ്പെട്ടാൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനൊപ്പം തന്നെ പ്രസ്തുത കേസിൽ ഉയർന്ന ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അന്വേഷണം പൂർത്തിയാക്കുന്നതാണ്. തെളിയിക്കപ്പെടാത്ത കേസുകൾ പോലും ശാസ്ത്രീയ രീതിയിലൂടെ, പഴുതടച്ചുള്ള അന്വേഷണം നടത്തി തെളിയിക്കപ്പെടുന്ന സാഹചര്യമാണ് ഇന്നുള്ളത്. ജിഷാ കേസ്, ജലജാ സുരൻ വധക്കേസ്, കൂടത്തായി കൂട്ടക്കൊല, തൊഴിയൂർ സുനിൽ വധം തുടങ്ങിയ കേസുകളിൽ യഥാർത്ഥ കുറ്റവാളികളെ കണ്ടുപിടിക്കാൻ കഴിഞ്ഞത് സംസ്ഥാന പോലീസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന്റെ ഫലമാണ്. കുറ്റവാളികൾ ശിക്ഷിക്കപ്പെടാതെ പോകുന്ന കേസ്സുകൾ ഗൗരവമായി പരിഗണിച്ച് മേൽകോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) വാളയാറിലെ പതിമൂന്നും ഒൻപതും വയസ്സുള്ള പട്ടികവിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ദുരൂഹമരണത്തിൽ ലഭ്യമായ തെളിവുകൾപോലും നശിപ്പിക്കപ്പെട്ടുവെന്ന ആക്ഷേപത്തിന് ബലം നൽകുന്നതാണോ പാലക്കാട് പോക്സോ കോടതിയുടെ

(ബി) പോലീസ് അന്വേഷണത്തിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതിന് ക്രമസമാധാന ചുമതലയുള്ള അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രതികളെ വെറുതെവിട്ട കോടതി

വിധിയെന്നത് പരിശോധിച്ചിട്ടുണ്ടോ;

വിധിക്കെതിരെ മേൽക്കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) കേസുമായി പ്രതികളെ ബന്ധിപ്പിക്കുന്ന സാക്ഷിമൊഴികൾ രേഖപ്പെടുത്തുന്നതിലും തെളിവുകൾ കണ്ടെത്തുന്നതിലും അന്വേഷണ സംഘത്തിനുണ്ടായതായി പറയപ്പെടുന്ന പാകപ്പിഴകൾ കേസ് ദുർബലമാക്കുന്നതിന് ഇടയായിട്ടുണ്ടോ യെന്ന് വെളിപ്പെടുത്താമോ;

(സി) കേസിന്റെ അന്വേഷണം ഏറ്റെടുത്ത പ്രത്യേക അന്വേഷണ സംഘമാണ് ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത രണ്ട് കേസുകളിലും പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളത്. ബഹു.കോടതിയുടെ വിധിയെ തുടർന്ന് പോലീസിന്റെയും പ്രോസിക്യൂഷന്റെയും ഭാഗത്ത് കേസ് കൈകാര്യം ചെയ്തതിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് വരുന്നു.

(ഡി) ലഭ്യമായ തെളിവുകൾ വിശ്വസനീയമായ രീതിയിൽ കൂട്ടിയിണക്കുന്നതിൽ പ്രോസിക്യൂഷന് വീഴ്ച വന്നതായി വിലയിരുത്തുന്നുണ്ടോ;

(ഡി) പ്രതികൾക്ക് ശിക്ഷ ഉറപ്പാക്കും വിധം കേസ് കൈകാര്യം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെന്ന പ്രാഥമിക വിലയിരുത്തലിന്റെ കൂടി അടിസ്ഥാനത്തിലാണ് മേൽക്കോടതിയിൽ അപ്പീൽ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം പ്രസ്തുത കേസ് സി.ബി.ഐ.യെ കൊണ്ട് അന്വേഷിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് രക്ഷിതാക്കൾ ബഹു.ഹൈക്കോടതിയെ സമീപിക്കുന്ന പക്ഷം സർക്കാർ അനുകൂല സമീപനം സ്വീകരിക്കുമെന്ന് രക്ഷിതാക്കൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്.

(ഇ) പോക്സോ കേസിലെ ഇരകൾക്ക് നീതി ലഭ്യമാക്കുന്നതിന് പ്രമുഖരായ അഭിഭാഷകരുടെ സേവനം പ്രയോജനപ്പെടുത്താതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(ഇ) സംസ്ഥാനത്തെ പോക്സോ പ്രത്യേക കോടതികളിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാർ എല്ലാ ജില്ലകളിലും നിലവിലുണ്ട്. ഈ കേസിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് മേൽക്കോടതിയിൽ അപ്പീൽ കേസ് നടത്തുന്നതിലേയ്ക്കായി കൂടുതൽ പ്രഗത്ഭരായ അഡ്വക്കേറ്റുമാരെ ചുമതലപ്പെടുത്തുന്നതാണ്. ഇതിനുപുറമെ കേസുകൾ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ ഉറപ്പ് വരുത്തുന്നതിനായി കേസുകൾ വാദിക്കുന്ന സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ കാര്യക്ഷമത വിലയിരുത്തി രണ്ട് മാസത്തിലൊരിക്കൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശം ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ